**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5416 23.05.17 ൽ മറുപടിയ്ക്ക്**

**ടൂറിസ്റ്റ് ബസ്സുകളുടെ അനധികൃത സർവ്വീസ്**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സീസൺ സമയങ്ങളിൽ ടൂറിസ്റ്റ് ബസ്സുകൾ അനധികൃതമായി അന്തർ സംസ്ഥാന റൂട്ടുകളിലടക്കം സർവ്വീസ് നടത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഒരു കരാർ വ്യവസ്ഥയിൽ അനുശാസിക്കുന്ന പ്രകാരം മാത്രം സർവ്വീസ് നടത്താൻ അനുമതിയുള്ളവയാണ് കരാർ വാഹനങ്ങൾ. എന്നാൽ അവ കരാർ വ്യവസ്ഥകളിലല്ലാതെ സമാന്തര സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തുന്നുവെന്നതാണ് പലപ്പോഴും ഉണ്ടാകാറുള്ള പരാതി.<br>കരാറിൽ ഉൾപ്പെടാത്ത യാത്രക്കാരെ കയറ്റുകയോ ഇറക്കുകയോ ചെയ്യാൻ പാടില്ല എന്നും വ്യക്തികളിൽ നിന്നും ഒറ്റയ്ക്കൊറ്റയ്ക്കായി ചാർജ്ജ് ഈടാക്കരുതെന്നുമാണ് നിയമത്തിലെ പ്രധാന വ്യവസ്ഥ. ഇത്തരം വാഹനങ്ങൾ മേൽ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും തെളിവുകൾ ശേഖരിക്കുകയും ചെയ്യുക എന്നുള്ളത് പലപ്പോഴും നടപ്പാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള കാര്യമാണ്. സംസ്ഥാനത്ത് അനധികൃത സർവ്വീസ് നടത്തുന്ന സമാന്തര വാഹനങ്ങൾക്കെതിരെ കർശന നടപടികൾ മോട്ടോർവാഹനവകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി എ.എം.വി.ഐ. മാരുടെ സേവനം കെ.എസ്.ആർ.ടി.സി രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. 14.02.2017-ന് രാത്രിയിൽ തിരുവനന്തപുരം സിറ്റിയിൽ നിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, ചെന്നൈ, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് അനധികൃത സർവ്വീസ് നടത്തിയ വാഹനങ്ങൾക്കെതിരെ നടപടി എടുക്കുകയും 41,200/- രൂപ പിഴയായി ഈടാക്കുകയും 98,700/- രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ബി) | ഇത് കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തെ ബാധിക്കുന്നതായുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ;വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | മോട്ടോർവാഹന വകുപ്പ് നടത്തുന്ന പരിശോധനകളിലൂടെ ഇത്തരം അനധികൃത സർവ്വീസുകളെ കണ്ടെത്തി നടപടി സ്വീകരിക്കാൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ